LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമുള്ള ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി നിലവിൽ വകുപ്പ് തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ഗ്രാന്റ് ഇൻ എയ്ഡ് തുകയ്ക്ക് പുറമേ പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തിയ 150 കോടി രൂപയും ഉപയോഗപ്പെടുത്തുന്നതാണ്.

**പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് ഹോസ്റ്റലും ഗ്രാന്റ് വിതരണവും**

20 (1806) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ്/പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ് വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് വ്യക്തമാകാകുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 106 പ്രീ-മെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നിലവിലുണ്ട്. ഇതിൽ 64 എണ്ണം ആൺകുട്ടികൾക്കായും 44 എണ്ണം പെൺകുട്ടികൾക്കായും 1 എണ്ണം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായും പ്രവർത്തിക്കുന്നു. പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ മെച്ചപ്പെട്ട പ്രവർത്തനം ഉറപ്പു വരുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടപ്പുസാമ്പത്തിക വർഷത്തിൽ "2225-02-277-52 Improving facilities in ST Hostels (Plan) എന്ന ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 11,83,383 രൂപ 11-7-2016 വരെ ചെലവഴിച്ചിട്ടുണ്ട്. പുതുക്കിയ ബഡ്ജറ്റിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള മുഴുവൻ ഹോസ്റ്റലുകളും നവീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിതരണം കാര്യക്ഷമമാക്കുന്നതിന് വകുപ്പ് ഊർജ്ജിതമായ നടപടിയാണ് സ്വീകരിച്ചുവരുന്നത്.

**ആറന്മുളയിലെ ഭവനരഹിതമായ പട്ടികവിഭാഗക്കാർ**

21 (1807) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറന്മുള നിയോജക മണ്ഡലത്തിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഭവനരഹിതരുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

ആറന്മുള നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| പഞ്ചായത്ത് | എണ്ണം |
|---|---|
| പത്തനംതിട്ട മുനിസിപ്പാലിറ്റി | 10 |
| ആറന്മുള | 27 |
| ചെന്നീർക്കര | 12 |
| ഇലന്തൂർ | 2 |
| കോഴഞ്ചേരി | 1 |
| കുളനട | 11 |
| മല്ലപ്പുഴശ്ശേരി | 9 |
| മെഴുവേലി | 25 |
| നാരങ്ങാനം | 5 |
| ഓമല്ലൂർ | 7 |
| ഇരവിപേരൂർ | 62 |
| കോയിപ്രം | 12 |
| തോട്ടപ്പുഴശ്ശേരി | 6 |
| ആകെ | 189 |

ആറന്മുള നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| പഞ്ചായത്ത് | എണ്ണം |
|---|---|
| ആറന്മുള | 1 |
| കുളനട | 1 |
| ഓമല്ലൂർ | 8 |
| ഇരവിപേരൂർ | 4 |
| കോയിപ്രം | 5 |
| ആകെ | 19 |